**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിലെ ഒഴിവുകളും പുറം കരാറും ഇൻഫർമേഷൻ ഹബ്ബുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | 2026 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെ വിവിധ തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ വിവരം 2025 ഡിസംബർ 26 നകം പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഭരണപരിഷ്കാര കമ്മീഷന്റെ 2025 നവംബർ ഒമ്പതിന് പുറത്തിറക്കിയ റൂൾ.സി 3/72/2025/പി&എആർഡി നമ്പർ സർക്കുലർ പ്രകാരം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം നൽകാമോ; | (എ) | 2026 ഏപ്രിൽ 30-ന് തൃശ്ശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്നും ഒരു ഓഫീസ് അറ്റൻഡന്റ് റിട്ടയർ ചെയ്യുന്ന ഒഴിവ് പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പ് നൽകിയ അപേക്ഷയിന്മേൽ നടക്കുന്ന ഫയൽ നീക്കം സംബന്ധിച്ച വിവരവും അതിൽ ഇതുവരെ എടുത്ത തീരുമാനവും പറയാമോ; | (ബി) | വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 8 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) | പുതിയ എത്ര തസ്തികകൾ വേണമെന്നാണ് സർക്കാരിനോട് പി. ആർ. ഡി. ആവശ്യപ്പെട്ടതെന്ന് പറയാമോ; | (സി) | വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 8 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിൽ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലായി, പി.ആർ.ഡി. ക്കു പുറത്തുള്ള ഏതൊക്കെ പബ്ലിക് റിലേഷൻ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമുള്ള കരാർ നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ പദ്ധതികളുടെ പ്രചാരണത്തിനായിരുന്നുവെന്നും പറയാമോ; | (ഡി) | ക്രിയേറ്റീവ് കണ്ടന്റുകൾ നിർമ്മിക്കുന്ന എംപാനൽഡ് ഏജൻസി/ വ്യക്തികൾക്കാണ് വിഷ്വൽ കമ്മ്യൂണിക്കേഷൻസ് വിഭാഗം മുഖേന തുക അനുവദിക്കുന്നത്. പി.ആർ.ഡിക്കു പുറത്തുള്ള പബ്ലിക് റിലേഷൻസ് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടില്ല. |
| (ഇ) | പ്രിസം പദ്ധതിയിൽ അടക്കം വിവിധ രീതിയിൽ കരാർ/പാനൽ അംഗങ്ങൾ എന്ന നിലയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പറയാമോ; | (ഇ) | 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും ഉൾപ്പെടെ വീഡിയോ സ്ട്രീംഗർ പാനൽ അംഗങ്ങൾ എന്ന നിലയിൽ 61 പേരും പ്രിസം പദ്ധതിയിൽ വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലുമായി 106 പേരും പി.ആർ.ഡി ലൈവ് പദ്ധതിയുടെ ഭാഗമായി കാഷ്വൽ റിപ്പോർട്ടറായി ദിവസ വേതനാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഒരാളും ബഹു.മുഖ്യമന്ത്രിയുടെ വെബ് സൈറ്റും സോഷ്യൽ മീഡിയ ഹാൻഡിലുകളുടേയും പരിപാലനത്തിലുള്ള 11 മാനവവിഭവ ശേഷി വിഭാഗങ്ങളിലായി 12 പേർ കരാർ അടിസ്ഥാനത്തിലും പാനൽ ഫോട്ടോഗ്രാഫർ തസ്തികയിൽ 14 ജില്ലകളിലായി ആകെ 65 പേരും കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. |
| (എഫ്) | പി. ആർ. ഡി. യിൽ ഇൻഫർമേഷൻ ഹബ്ബുകൾ തുടങ്ങുന്ന ഒരു പ്രൊപ്പോസൽ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (എഫ്) | ഇൻഫർമേഷൻ ഹബ്ബുകൾ തുടങ്ങുന്ന പ്രൊപ്പോസൽ സംബന്ധിച്ച് വകുപ്പിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ